


storyweaver Community

Level 4

# തമ്മിൽ പുണരാം വേരുകളാഴ്ത്താം


**Original Publisher:** Pratham Books
**Author:** Jeyanthi Manokaran
**Illustrator:** Jeyanthi Manokaran
**Translator:** Sreenidhi KS




ധൂം ടഡക!  ധൂം ടഡക!
ധൂം ടഡക! ധൂം !

മരത്തിന്റെ മുകളിൽ ഇരുന്ന് ഡിച്ചി ഡോലക് കൊട്ടി കളിച്ചു! അവളുടെ മൂന്നു അനിയന്മാരും ആ വടവൃക്ഷത്തിൽ അള്ളിപ്പിടിച്ചു കയറി കളിക്കുന്നുണ്ട്. താഴെ പുൽത്തകിടിയിൽ അവരുടെ ചെമ്മരിയാടുകൾ  കുത്തിമറിഞ്ഞു കളിക്കുന്നുണ്ടായിരുന്നു.

"ഡിച്ചി!" പൈൻ മരങ്ങൾക്കും ദേവദാരു മരങ്ങൾക്കും അശോകമരങ്ങൾക്കും മുകളിൽ അച്ഛന്റെ ശബ്ദം മുഴങ്ങി.
"വരൂ. നമുക്ക് പുഴ കടന്ന് അമ്മൂമ്മയുടെ അടുത്ത് പോകണം. കുട്ടികളേ, നിങ്ങൾ ചെമ്മരിയാടുകളെയെല്ലാം വീട്ടിൽ എത്തിക്കൂ."



"ഞങ്ങളും വരട്ടെ?" ശ്യാം കെഞ്ചി.
"അടുത്ത തവണ." അച്ഛൻ ഉറപ്പിച്ചുപറഞ്ഞു.
"അമ്മൂമ്മയെ പരിചരിക്കാൻ ഡിച്ചി അവിടെ നിൽക്കും.
അമ്മൂമ്മക്ക് തീരെ വയ്യ."



മുട്ടോളം വെള്ളത്തിൽ അച്ചൻ അവരുടെ കഴുതയെയും കൊണ്ട് പുഴക്കു കുറുകെ നടന്നു. ഒരു മലയാട്ടിൻ കുട്ടിയുടെ ചുറുചുറുക്കോടെ ഡിച്ചി പാവാട ചെറുതായി ഉയർത്തിപിടിച്ച് പാറകളിൽ ചവിട്ടി നടന്നു. പെട്ടെന്ന് അവൾ കാൽ വഴുതി ആ തണുത്ത വെള്ളത്തിലേക്ക് വീണു.

"ശ്രദ്ധിച്ച്!!" തൊട്ടടുത്തു മീൻ പിടിച്ചുകൊണ്ടിരുന്ന അമ്മാമൻ പറഞ്ഞു.

പൊടുന്നനെയാണ് പുഴയിലെ വെള്ളം കുതിച്ചുയർന്നത്! അവർക്കു ചുറ്റും മലവെള്ളം പൊങ്ങി. അമ്മാമൻ ഡിച്ചിയുടെ കൈകൾ പിടിക്കാൻ ആഞ്ഞു.

അവളുടെ ഇടതുകാൽ ഒരു ഉരുളൻകല്ലിന്റെ അടിയിൽ പെട്ടുപോയിരുന്നു. ചുറ്റും കുതിച്ചൊഴുകുന്ന പുഴവെള്ളത്തിൽ അച്ഛന്റെ രൂപം അവളുടെ കണ്ണിൽ നിന്നും മറയുന്നു. ഒഴുക്കുവെള്ളത്തിന്റെ ശബ്ദത്തിൽ അച്ഛന്റെ ശബ്ദം മുങ്ങിപോകുന്നു. ഒഴുക്കിൽ പെട്ട കഴുത അക്കരയിലേക്ക് നീന്തുന്നു. അതിന്റെ മുതുകിൽ ഉണ്ടായിരുന്ന ചുമട് വെള്ളത്തിൽ ഒഴുകിപോകുന്നു.

ഉരുളൻ കല്ലിനടിയിൽ നിന്നും ഡിച്ചിയുടെ കാൽ പുറത്തെടുക്കാൻ ശ്രമിക്കുന്നതിനിടയിൽ അമ്മാമൻ വെള്ളത്തിൽ വീഴാതെ നിൽക്കാൻ കഷ്ടപ്പെട്ടു. കലക്കവെള്ളത്തിൽ കുതിർന്നു നിന്ന അമ്മാമൻ തന്റെ സർവശക്തിയും സംഭരിച്ച് അവളുടെ കാൽ പുറത്തെടുത്തു. അവളെ തന്റെ ബലിഷ്ഠമായ തോളിലേന്തി അലമുറയിട്ടു കരയുന്ന അമ്മയുടെ അടുത്തെത്തിച്ചു. ഡിച്ചിയുടെ ഇടതു കാലിൽ കടുത്ത വേദനയുണ്ടായിരുന്നു. ഒരു വിറയലോടെ അവൾ ബോധരഹിതയായി വീണു.




ഡിച്ചിയെ അമ്മയുടെ അടുത്ത് വിട്ട ശേഷം അമ്മാമൻ അവളുടെ അച്ഛനെ രക്ഷിക്കാനായി പാഞ്ഞു. പക്ഷെ അച്ഛൻ തിരിച്ചു വന്നില്ല! അച്ഛന്റെ ശരീരം പുഴയിൽ നിന്നും കൊണ്ടുവന്നപ്പോൾ അവളുടെ ഹൃദയത്തിൽ ഭയത്തിന്റെ മരവിപ്പ് പടർന്നു.

സ്പോർട്സ് ഉപകരണങ്ങൾ ഉണ്ടാക്കുന്ന കമ്പനി മലയിൽ നിന്നും പൈൻ മരങ്ങളും ദേവദാരുമരങ്ങളും അശോകമരങ്ങളും എല്ലാം വെട്ടി ക്രിക്കറ്റ് പന്തുകളും മറ്റും ഉണ്ടാക്കുന്നതിനെ കുറിച്ച് ഡിച്ചി കേട്ടിരുന്നു.

അവർ എന്തിനാണ് വനങ്ങൾ വെട്ടുന്നത്? മലഞ്ചെരുവിൽ മണ്ണിടിയുന്നത് അവർ കാണുന്നില്ലേ? ഉരുൾപൊട്ടലിൽ ഒലിച്ചു പോകുന്ന പാവങ്ങളെ കാണുന്നില്ലേ? ഡിച്ചിയുടെ അച്ഛനെ അങ്ങനെയൊരു വെള്ളപ്പൊക്കം കൊണ്ടുപോയി...
ഡിച്ചിയുടെ ഇടതുകാലിന്റെ ചലനത്തെയും...!
ആ കാലിൽ മുട്ടിനു താഴെ ഇപ്പോൾ യാതൊരു സ്പർശനശേഷിയും ഇല്ല.





ഡിച്ചിക്ക് ആ മലവെള്ളപ്പൊക്കം മറക്കാൻ കഴിയുമോ?
അവൾക്ക് ഇപ്പോഴും ചെവി മൂടി, കാഴ്ച മറച്ച്, മൂക്കിൽ കയറി ശ്വാസം മുട്ടിച്ചുകൊണ്ട് തലയ്ക്കു മുകളിൽ തണുത്ത വെള്ളം നിറയുന്നതായി തോന്നാറുണ്ട്!



അമ്മാമൻ പറയുന്നത് അവൾ എപ്പോഴും ദുഃഖിച്ച് ഇരിക്കാതെ നല്ല കാര്യങ്ങളെ കുറിച്ച് ചിന്തിക്കണം എന്നാണ്. അവളുടെ ഭയത്തെ ഇല്ലാതാക്കിക്കൊണ്ട് ധൈര്യത്തിന്റെ ചെറുചൂട് ഉള്ളിൽ കുറേശ്ശേ നിറയാൻ തുടങ്ങിയിട്ടുണ്ട്. അവൾക്ക് ഇപ്പോഴും അവളുടെ അമ്മയും സഹോദരന്മാരും ഉണ്ടല്ലോ. പിന്നെ അമ്മാമനും അമ്മായിയും അവരുടെ എല്ലാ കാര്യവും നോക്കുന്നുണ്ട്. അവർക്ക് വേറെ മക്കൾ ഇല്ലല്ലോ.

ഡിച്ചിക്ക് അവളുടെ അച്ഛനെ പോലെ തന്നെ ഇഷ്ടമാണ് അവളുടെ അമ്മാമനെയും. പക്ഷെ, അമ്മായി അവളുടെ അമ്മയോട് പറഞ്ഞ ചില കാര്യങ്ങൾ കേട്ട് ഡിച്ചി കുറച്ച് അസ്വസ്ഥയാണ്.

"നിന്റെ സഹോദരൻ ഒരു നല്ല ആളൊക്കെയാണ്. പക്ഷെ, ആളുടെ ചൂതാട്ടം കാരണം നമ്മൾ ഇപ്പോൾ തകർന്നുകൊണ്ടിരിക്കയാണ്." എന്നാണ് അമ്മായി പറഞ്ഞത്.

"അമ്മാമന് ചൂതാട്ടമോ? അയ്യോ! അങ്ങനെ വരാൻ വഴിയില്ലല്ലോ!"

ദിവസങ്ങൾ കടന്നു പോയി.

ഡിച്ചി അവൾക്കു നടക്കാൻ വേണ്ടി അമ്മാമൻ ഉണ്ടാക്കി കൊടുത്ത മരക്കാലുകൾ നോക്കിക്കൊണ്ട് പ്രിയപ്പെട്ട അശോകമരത്തിൽ ഇരുന്നു.

"എന്റെ ശിഖരങ്ങളിൽ മെലിഞ്ഞതും തടിച്ചതും ഉണ്ട്...നീണ്ടതും കുറുകിയതും ഉണ്ട്..." അശോകമരം പതുക്കെ പറഞ്ഞു " പക്ഷെ ഞാൻ ബലിഷ്ഠമാണ്."

ഡിച്ചി ഒന്നു കൂടി ഉയരത്തിലേക്ക് കയറി ഒരു കിളിക്കൂടിലേക്ക് എത്തി നോക്കി. ഒരു ഉറുമ്പു നിരക്കു പിറകെ വിരലുകൾ പായിച്ചു. നനുത്ത ഇലകൾ പതിയെ മണത്തു നോക്കി.

"നീ എന്റെ സ്വന്തം അശോകമരം അല്ലെ... അമ്മാമൻ പറയുന്നത് ഞാൻ നിന്നെ പോലെയാണ് എന്നാണ്. യാക്കിനെ പോലെ ദൃഢഗാത്രം. ഈ മരക്കാലുകൾ കൂടിയാകുമ്പോൾ ഞാൻ യതിയെ പോലെ ബലിഷ്ഠയും ഭയങ്കരിയും ആയി മാറും."







"ഏയ് ...ഡിച്ചി... എല്ലാവരും യോഗം കൂടാൻ പോകുന്നു..." ശ്യാം ഉറക്കെ വിളിച്ചു പറഞ്ഞു.

മിന്നൽ വേഗത്തിൽ ഡിച്ചി താഴേക്ക് ഊർന്നിറങ്ങി. അവളുടെ മരക്കാലുകളും എടുത്ത് ഗ്രാമത്തിലെ ആ വലിയ തണൽ മരത്തിനടുത്തേക്ക് നീങ്ങി. ആ വടവൃക്ഷത്തിന്റെ അടിയിൽ ആണ് ഗ്രാമമുഖ്യയായ ഗൗരിയുടെ ചുറ്റും എല്ലാവരും കൂടാറുള്ളത്.

"നമ്മൾ നിരക്ഷരർ ആയിരിക്കാം. എന്നാൽ നമ്മൾ ബുദ്ധിമാന്മാർ ആണ്." ഗൗരി പറഞ്ഞു.
"നമ്മുടെ പ്രിയപ്പെട്ട വൃക്ഷങ്ങളെല്ലാം ഏതോ കമ്പനിക്ക് വിറ്റു തുലക്കാൻ നമ്മൾ ഒരിക്കലും അനുവദിക്കരുത്. കോൺട്രാക്ടർ ചാന്ദ് മരംവെട്ടുകാരുമായി വരുമ്പോൾ നമ്മൾ  കാടു കയറി നമ്മുടെ പൈൻ മരങ്ങളെയും ദേവദാരുമരങ്ങളെയും അശോകമരങ്ങളെയും എല്ലാം കെട്ടിപിടിക്കണം. ചിപ്കൊ! എന്നാൽ  യാതൊരു അക്രമവും ഉണ്ടാവരുത്."

ഗ്രാമീണർ ചിപ്കോ മുദ്രാവാക്യങ്ങൾ വിളിച്ചു കൊണ്ട് കാട്ടിലേക്ക് നടന്നു. ഡിച്ചി മറ്റു കുട്ടികളുടെ കൂട്ടത്തിൽ അവളുടെ ഡോലക് കൊട്ടിക്കൊണ്ട് നടന്നു.

**ധൂം ടഡക!  ധൂം ടഡക!**
**ധൂം ടഡക! ധൂം !**





"കാട് നമുക്കായെന്തു തരും???" ഡിച്ചി ഉറക്കെ ചോദിച്ചു.

"മണ്ണും നീരും ശുദ്ധവായുവും!!!" മറ്റു കുട്ടികൾ ഏറ്റു ചൊല്ലി അവളുടെ പിറകെ തുള്ളിച്ചാടി നടന്നു.



പക്ഷെ, യൂണിഫോം ധരിച്ച ഒരു കൂട്ടം മരംവെട്ടുകാർ അവർക്കു മുന്നേ കാട്ടിൽ എത്തിയിരുന്നു. കോൺട്രാക്ടർ ചാന്ദ് മുറിക്കാനുള്ള മരങ്ങളിൽ ചോക്ക് കൊണ്ട് X എന്ന് അടയാളപ്പെടുത്താനായി ഉറക്കെ വിളിച്ചു പറയുന്നുണ്ടായിരുന്നു. ഗ്രാമീണരുടെ ഉച്ചത്തിലുള്ള വിലാപങ്ങൾ എങ്ങും മുഴങ്ങി. അവരുടെ ഡോലക് കൊട്ടിയുള്ള ചിപ്കോ ഗാനങ്ങളാൽ കാട് മുഖരിതമായി.

"കാക്കുവിൻ വനങ്ങളെ
പോറ്റുവിൻ മരങ്ങളെ
ഉണരുകെൻറെ ഗ്രാമമേ
തുരത്തുകീ മഴുക്കളെ "



ധൂം ടഡക!  ധൂം ടഡക!
ധൂം ടഡക! ധൂം !
ധൂം ടഡക!  ധൂം ടഡക!
ധൂം ടഡക! ധൂം !

മരംവെട്ടുകാരുടെ കൂടെ ബസിൽ തിരിച്ചു പോകുമ്പോൾ ചാന്ദ് ഗ്രാമീണർക്കു നേരെ നിഗൂഢമായ ഒരു ചിരി ചിരിച്ചു.

അടുത്ത ദിവസം നാട്ടുകാർ അടിവാരത്തിലേക്ക് പോകുന്നതിന്റെ കോലാഹലം ആ നാട് മുഴുവൻ ഉയർന്നു. നാട്ടുകാർക്കെല്ലാം സിനിമ കാണാനായി സർക്കാർ വക വാഹനം അയച്ചിരിക്കുന്നു. വല്ലപ്പോഴും മാത്രം സിനിമ കാണാൻ സാധിക്കുന്ന ഗ്രാമീണർക്ക് ആ അവസരം പാഴാക്കാനാകില്ലല്ലോ.

പുരുഷന്മാർ എല്ലാവരും സിനിമ കാണാൻ അടിവാരത്തിലേക്ക് പോയി. സ്ത്രീകൾ എല്ലാം നെയ്ത്തിൽ മുഴുകി.

ഗ്രാമത്തിലെ സ്കൂളിൽ കുട്ടികൾ പുതിയ ചിപ്കോ ഗാനങ്ങൾ പാടി. സ്ലേറ്റിൽ പൈൻ മരങ്ങളും ദേവദാരുമരങ്ങളും അശോകമരങ്ങളും വരച്ചു. ഡോലക് കൊട്ടി നൃത്തം വച്ചു.

"നമ്മുടെ മണ്ണിത് നമ്മുടെ നീരിത് നമ്മുടെ നിബിഡവനങ്ങളിത്
നമ്മുടെ പൂർവികർ നട്ടു വളർത്തി നമ്മൾ കാക്കുകയിവയെല്ലാം"

**ധൂം ടഡക! ധൂം ടഡക!**
**ധൂം ടഡക! ധൂം !**

സ്കൂൾ വിട്ട ശേഷം ഡിച്ചിയും അനിയന്മാരും ചെമ്മരിയാടുകളെയും കൊണ്ട് കാട്ടിലേക്ക് പോയി. മറ്റു കുട്ടികളോടൊപ്പം അവർ തങ്ങളുടെ പ്രിയപ്പെട്ട മരങ്ങളെ കെട്ടിപ്പുണർന്നു. സൂര്യൻ അസ്തമിക്കുമ്പോഴേക്കും വിറകുകെട്ടുകളുമായി കുട്ടികൾ വീടുകളിലേക്ക് മടങ്ങി.

എന്നാൽ ഡിച്ചി അവളുടെ പ്രിയപ്പെട്ട അശോകമരക്കൊമ്പിൽ നിവർന്നു കിടന്നു പതുക്കെ കണ്ണുകൾ അടച്ചു. നനുത്ത ഇലകൾ അവളെ തഴുകികൊണ്ടിരുന്നു . മരക്കൊമ്പിന്റെ തണുത്ത പുറംതൊലി അവളുടെ കവിളിൽ പതിയെ ഉരസി.





"എന്റെ അശോകമരത്തെ ആരും കൊണ്ടു പോയ്ക്കൂടാ" ഡിച്ചി സ്വയം പറഞ്ഞു.

ഒരു നിമിഷത്തേക്ക് ഡിച്ചിയുടെ ലോകം ആ അശോകമരത്തിനു ചുറ്റും നിശ്ചലമായി നിന്നു.

എന്നാൽ അശോകമരത്തിനു ചുറ്റും ഉള്ള നിശ്ശബ്ദത പെട്ടെന്ന് ആണ് ഇല്ലാതായത്. തത്തമ്മക്കൂട്ടം പൊടുന്നനെ കരഞ്ഞുകൊണ്ട് മരങ്ങൾക്ക് ചുറ്റും പാറാൻ തുടങ്ങി. അണ്ണാറക്കണ്ണന്മാർ പരിഭ്രമത്തോടെ ചിലച്ചുകൊണ്ട് കുറ്റിക്കാടുകൾക്ക് ചുറ്റും ഓടിനടക്കുന്നു. മലഞ്ചെരുവിലെ പാതയിൽ ഉയരത്തിൽ പൊടി പാറിച്ചു കൊണ്ട് ഒരു ബസ് വന്നു നിൽക്കുന്ന ശബ്ദം. ഡിച്ചി പതിയെ ഇലകൾ വകഞ്ഞുമാറ്റിക്കൊണ്ട് അങ്ങോട്ട് നോക്കി.

ആളുകൾ നിരനിരയായി ബസിൽ നിന്നും ഇറങ്ങി നടക്കുന്നു. മുഷിഞ്ഞ കാക്കി യൂണിഫോം. കൈകളിൽ തിളങ്ങുന്ന കോടാലികൾ! പൈൻ മരങ്ങളും ദേവദാരുമരങ്ങളും അശോകമരങ്ങളും നിറഞ്ഞു നിൽക്കുന്ന കാടിനെ ലക്ഷ്യമാക്കി അവർ നടക്കുന്നു. അവരുടെ കാലടിശബ്ദം മലഞ്ചെരുവിൽ പ്രതിധ്വനിച്ചു കേൾക്കുന്നു.





"അയ്യോ! എന്റെ മരങ്ങൾ!
ഡിച്ചി അശോകമരത്തിൽ
നിന്നും ഊർന്നിറങ്ങി.
തന്റെ മരക്കാലുകളെ വാരിയെടുത്ത്
പച്ച വിരിച്ചു നിൽക്കുന്ന മലമ്പാതയിലൂടെ
തന്റെ ഗ്രാമത്തിലേക്ക്
അവൾ കിതച്ചുകൊണ്ട് ഓടി.



ഡിച്ചിയുടെ ഹൃദയം അവളുടെ ഡോലക് പോലെ മുഴങ്ങി.

**ധൂം ടഡക!  ധൂം ടഡക! ധൂം ടഡക! ധൂം !**

"സഹായിക്കണേ!" ഡിച്ചി അവളുടെ മരക്കാലുകളെ വാരിപ്പിടിച്ചു കൊണ്ട് ഓടിയും വീണും ഓടിയും വീണും തന്റെ വീട്ടിലേക്ക് കുതിച്ചു.

"അമ്മേ!" അവൾ കിതച്ചു കൊണ്ട് വിളിച്ചു.

തളർന്നു വീണുപോകാറായ അവളെ അമ്മ ഓടി വന്ന് ചേർത്ത് പിടിച്ചു.

"അമ്മേ! എന്റെ അശോകം! അവ....അവർ ...മുറിക്കുന്നു!"

"ആരാ മോളേ? നീയൊന്നു സാവധാനം പറയൂ...വാ... ഈ വെള്ളം കുടിക്കൂ."

"അവർ ഒ...ഒരു വലിയ ബസിൽ കോടാലികളും ആയി വന്നു! വലിയ വലിയ ആളുകൾ...മഴുവേന്തിയ മനുഷ്യർ!

"അയ്യോ! അത് ചാന്ദിന്റെ ആളുകൾ ആണ്! മരം മുറിക്കാൻ വന്നതാണ്! വേഗം! നമുക്ക് എന്തെങ്കിലും ചെയ്യണം"

"അമ്മ ഇവിടെ നിൽക്കൂ. ഞാൻ എല്ലാവരെയും കൂട്ടി വരാം" ഡിച്ചി ശ്വാസം നേരെയാക്കിക്കൊണ്ട് പറഞ്ഞു.

ഗ്രാമത്തിലെ സ്ത്രീകളും കുട്ടികളും ഡോലക്കുകളും ഏന്തി വളരെ പെട്ടെന്ന് അണി നിരന്നു.

"നമുക്ക് എന്തെങ്കിലും ചെയ്തേ പറ്റൂ. ചാന്ദ് നമ്മുടെ നാട്ടിലെ ആണുങ്ങളെയെല്ലാം അടിവാരത്തിലേക്ക് കബളിപ്പിച്ച് പറഞ്ഞയച്ചതാണ്" തന്റെ ഫന്തുവിന്റെ തുമ്പു പിടിച്ചുകൊണ്ട് അമ്മ പറഞ്ഞു.

"ആണുങ്ങൾ ഒന്നും ഇല്ലാതെ നമുക്ക് എന്ത് ചെയ്യാനാകും?"

"നമുക്ക് എന്ത് ചെയ്യാം എന്ന് നമ്മൾ കാണിച്ചു കൊടുക്കും! പക്ഷെ ഓർക്കുക- അക്രമം ഒരിക്കലും പാടില്ല" - അമ്മയുടെ സുഹൃത്ത് കൂടിയായ ഗ്രാമമുഖ്യ ഗൗരി ഉറപ്പിച്ചു പറഞ്ഞു.

ഡിച്ചിയുടെ ഹൃദയം അവളുടെ ഡോലക് പോലെ കൊട്ടുന്നുണ്ടായിരുന്നു.

**ധൂം ടഡക!  ധൂം ടഡക! ധൂം ടഡക! ധൂം !**

"ചിപ്കോ!" അവൾ ആക്രോശിച്ചു.
"മരങ്ങളെ പുണരുവിൻ!" സ്ത്രീകളും കുട്ടികളും തൊണ്ട പൊട്ടും വരെ ആർത്തു വിളിച്ചു



പൈൻ മരങ്ങളുടെയും ദേവദാരുമരങ്ങളുടെയും അശോകമരങ്ങളുടെയും വിലാപങ്ങൾ വനം മുഴുവൻ സ്പന്ദിച്ചു.

"വനം നമുക്കായെന്തു തരും???" ഡിച്ചി മുഷ്ടി ചുരുട്ടി വിളിച്ചു
"മണ്ണും നീരും ശുദ്ധവായുവും!!!" സ്ത്രീകളും കുട്ടികളും ഏറ്റു വിളിച്ചു.

മുറിക്കാനുള്ള മരങ്ങളിലെ X അടയാളങ്ങൾ കണ്ടപ്പോൾ തന്റെ പ്രിയവൃക്ഷങ്ങളിൽ ഏറ്റ അഗാധമായ മുറിവുകൾ പോലെ ഡിച്ചിക്ക് തോന്നി.

"എന്റെ അശോകമരം! നീയില്ലാതെ ഞാൻ എന്ത് ചെയ്യും?" ഡിച്ചി അവളുടെ അശോകമരത്തിലെ അടയാളം വിരൽ കൊണ്ട് മായ്ച്ചു കളയാൻ വെറുതെ ശ്രമിച്ചു.

"നിങ്ങൾക്കെന്റെ അശോകമരത്തെ മുറിക്കാനാവില്ല!" മരത്തെ കെട്ടിപുണർന്നുകൊണ്ട് അവൾ ദൃഢമായി പറഞ്ഞു

"മാറിനിൽക്ക്!" പരുഷമായ ശബ്ദത്തിൽ ഒച്ചവെച്ചുകൊണ്ട് ചാന്ദ് അവളെ ബലമായി വലിച്ചു മാറ്റി.

ഡിച്ചി കാൽ ഉറപ്പിക്കാൻ പറ്റാതെ ഒന്നു കറങ്ങി. ചുറ്റും കോടാലികളുമായി തയ്യാറായി നിൽക്കുന്ന മരംവെട്ടുകാരെ അവൾ നോക്കി. മരത്തിനു പുറകിൽ പതുങ്ങി നിൽക്കുന്ന ഒരു മരംവെട്ടുകാരന്റെ മേൽ അവളുടെ കണ്ണ് പതിഞ്ഞു. ഡിച്ചി തന്നെ കണ്ടു എന്ന് അറിഞ്ഞതോടെ അയാൾ തല കുനിച്ചു നിന്നു.

ഡിച്ചിക്ക് അത് വിശ്വസിക്കാനായില്ല. "അമ്മാമാ ...നിങ്ങളും!"



ചുറ്റും മൗനം പടർന്നു. അമ്മാമൻ തന്റെ മഴു താഴെയിട്ടു. അത് ഒച്ചയോടെ താഴെ വീണു.

"എനിക്ക് ചൂതുകളിയിൽ നിന്നും വലിയ കടങ്ങൾ ഉണ്ട്. എനിക്ക് ജോലിയില്ല..." അമ്മാമൻ പതുക്കെ പറഞ്ഞു.

ഡിച്ചിയും അനിയന്മാരും ഓടിച്ചെന്നു അമ്മാമനെ കെട്ടിപ്പുണർന്നു.

"അമ്മാമാ...നമുക്ക് ജോലി ചെയ്ത് കടങ്ങൾ എല്ലാം തീർക്കാം! ഞാൻ ഒരു പുതപ്പു തയ്ക്കാം. നമുക്ക് അത് വിൽക്കാമല്ലോ." ഡിച്ചി പറഞ്ഞു.

"ഞാൻ സോപ്പ് നിർമ്മാണ യൂണിറ്റിൽ ജോലി ചെയ്യാം" റാം പറഞ്ഞു.

"ഞാൻ മില്ലിൽ ജോലിക്കു പോകാം" ശ്യാം പറഞ്ഞു.

അമ്മാമൻ നിറഞ്ഞ കണ്ണുകളോടെ തല കുനിച്ചു നിന്നു.

അദ്ദേഹം തന്റെ യൂണിഫോം ഊരിയെറിഞ്ഞ് ഡിച്ചിയുടെ ഡോലക് എടുത്തു.

**ധൂം ടഡക! ധൂം ടഡക!**
**ധൂം ടഡക! ധൂം !**



"കാട് നമുക്കായെന്തു തരും???" ഡിച്ചിയും അമ്മാമനും ഉച്ചത്തിൽ വിളിച്ചു.

"മണ്ണും നീരും ശുദ്ധവായുവും!!!" സ്ത്രീകളും കുട്ടികളും ഏറ്റുചൊല്ലി.

"വിഡ്ഢി! ഈ വനങ്ങൾ എല്ലാം മരത്തടിയും മരക്കറയും പണവും ആണ് തരുന്നത്." ചാന്ദ് ഉറക്കെ പറഞ്ഞു. "ഹേയ് മരംവെട്ടുകാരെ... എല്ലാ മരങ്ങളും വെട്ടിയിടുവിൻ... പൈൻ മരവും ദേവദാരുവും അശോകമരവും ഒന്നൊന്നായ് മുറിച്ചിടുവിൻ!"

"അരുതേ അരുതേ.. ദയവു ചെയ്ത് മുറിക്കരുതേ!" അവളുടെ പ്രിയവൃക്ഷത്തെ കെട്ടിപ്പിടിച്ചു കൊണ്ട് ഡിച്ചി കെഞ്ചി.

"ഈ മരങ്ങൾ ആണ് നമ്മുടെ രക്ഷകർ." ഡിച്ചി പറഞ്ഞു.

"അവൾ പറഞ്ഞത് ശരിയാണ്." അമ്മാമൻ പറഞ്ഞു.

"അവൾക്ക് അവളുടെ അച്ഛനെ മലവെള്ളപ്പൊക്കത്തിൽ നഷ്ടപ്പെട്ടു."

പെട്ടെന്ന് ഒരു മരംവെട്ടുകാരന്റെ കയ്യിൽ നിന്നും കോടാലി വലിയ ശബ്ദത്തോടെ താഴെ വീണു.

വീണ്ടും കോടാലി താഴെ വീഴുന്ന ശബ്ദം. വീണ്ടും! വീണ്ടും!

മരംവെട്ടുകാർ ഓരോരുത്തരായി കോടാലി താഴെയിട്ട് അവിടെനിന്നും പോകാൻ തുടങ്ങി.



**ധൂം ടഡക!  ധൂം ടഡക!**
**ധൂം ടഡക! ധൂം !**

"ചിപ്കോ! മരങ്ങളെ പുണരുവിൻ!" ഡിച്ചി ഉറക്കെ പറഞ്ഞു! അവളുടെ ഉറച്ച ശബ്ദം പൈൻ മരങ്ങൾക്കും ദേവദാരുമരങ്ങൾക്കും അശോകമരങ്ങൾക്കും ഇടയിൽ മുഴങ്ങി.

"ഈ വനം മുറിച്ചോളു...
എന്നാൽ ഈ ഗ്രാമം മുഴുവൻ മുറിച്ചുമാറ്റിയ ശേഷം മാത്രം."
അമ്മ പറഞ്ഞു.



ഒരു ഇടിമിന്നലിന്റെ ശൗര്യത്തോടെ അവർക്കു മുന്നിൽ നിന്ന ചാന്ദ് അരിശത്തോടെ മുഷ്ടി ചുരുട്ടി അതിശക്തിയിൽ നിലത്തു ചവിട്ടിക്കൊണ്ട് തിരിഞ്ഞു നടന്നു.



കൈകൾ കൂട്ടിത്തിരുമ്മിക്കൊണ്ട് ഡിച്ചി ഒരു ദീർഘനിശ്വാസം എടുത്തു.
അവൾക്കത് വിശ്വസിക്കാൻ പോലും കഴിഞ്ഞില്ല- മരംവെട്ടുകാർ എല്ലാവരും
പോയിരിക്കുന്നു!
"നമ്മൾ അത് ചെയ്തിരിക്കുന്നു!" അമ്മ പറഞ്ഞു.
"നമ്മുടെ ചിപ്കോ പ്രസ്ഥാനം ഇന്ത്യ മുഴുവൻ പ്രചരിപ്പിക്കണം."

"ചിപ്കോ! മരങ്ങളെ പുണരുവിൻ!" സ്ത്രീകളും കുട്ടികളും ആർത്തു വിളിച്ചു.
കൈകൾ കോർത്ത് ചുവടു വച്ച് അവർ വിജയത്തിന്റെ സന്തോഷനൃത്തം ആടി.



ഡിച്ചിയുടെ പ്രിയപ്പെട്ട അശോകമരം ഇളങ്കാറ്റിൽ ചെറുതായിളകി.

ഡിച്ചി അവളുടെ കവിൾത്തടങ്ങൾ അശോകമരത്തിന്റെ തണുത്ത പുറംതൊലിയിൽ ചേർത്തുരുമ്മി. നനുത്ത ഇലകൾ ചെറുകാറ്റിൽ കിരുകിരുത്തു.

"ഞാൻ നിന്നെ പോലെയാണ്, യതിയോളം ഭയങ്കരിയും ബലിഷ്ഠയും...ഒരു യാക്കിനെ പോലെ ദൃഢഗാത്ര..." ഡിച്ചി അശോകമരത്തോടു പതിയെ പറഞ്ഞു.





## പുതിയ വാക്കുകളും അർത്ഥങ്ങളും

**ചിപ്കൊ -** കെട്ടിപ്പിടിക്കുക, ചേർന്നുനിൽക്കുക

**ഡോലക് -** ചെറിയ ചെണ്ട

**യാക്** - ഹിമാലയപർവ്വതപ്രദേശങ്ങളിൽ കാണപ്പെടുന്ന നീണ്ട രോമങ്ങൾ ഉള്ള കന്നുകാലി

**യതി -** ഹിമാലയപർവ്വതപ്രദേശങ്ങളിൽ ജീവിക്കുന്നു എന്നു സങ്കല്പിക്കപ്പെടുന്ന അതികായനായ ഹിമമനുഷ്യൻ

**ഫന്തു -** ഭോട്ടിയ ഗോത്രസ്ത്രീകൾ തലയിൽ ധരിക്കുന്ന വസ്ത്രം. ഈ ശിരോവസ്ത്രം പുറകിൽ മടക്കിക്കുത്തി രണ്ട് സഞ്ചികൾ പോലെയാക്കുന്നു.

## ഗ്രന്ഥസൂചി

ഒരു പുസ്തകം എഴുതുന്നതിനായി രചയിതാവ് അവലംബിക്കുന്ന മറ്റു രചനകളുടെ പട്ടികയെയാണ് ഗ്രന്ഥസൂചി എന്ന് വിളിക്കുന്നത്. ഈ പുസ്തകത്തിന്റെ ഗ്രന്ഥസൂചി താഴെ ചേർക്കുന്നു.


1. *The Unquiet Woods* by Ramachandra Guha
2. *Chandi Prasad Bhatt, Gaura Devi, and the Chipko Movement* by Mark Shepard
3. *Among the Bhotiyas and their Neighbors* by E C M Browne
4. http://www.youtube.com/watch?v=tcwY04s_mlM&feature=related - CNN IBN – Chandi Prasad Bhatt
5. http://www.youtube.com/watch?v=GXnAcTS8Ais&feature=related

- Nanda Devi Campaign Bali Devi Speaks

## "വനസംരക്ഷണം മരങ്ങൾക്കു വേണ്ടി മാത്രമല്ല. മനുഷ്യർക്കു കൂടി വേണ്ടി"

ജാക്ക് വെസ്റ്റോബി, 'The Purpose of Forests'ന്റെ രചയിതാവ്.

- ഇന്ത്യയിലെ ഹിമാലയ പർവതപ്രദേശത്തിലാണ് ഭോട്ടിയ ഗോത്രവർഗം ജീവിക്കുന്നത്. വിറക്, ഉപകരണങ്ങൾ, വീടുനിർമാണം എന്നിവയ്ക്കായി അവർ മരങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. അതുകൊണ്ടു തന്നെ അവർ വനങ്ങളെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു.

- 1970ൽ വനനശീകരണത്തിന്റെ ഫലമായി അളകനന്ദയിൽ ഉണ്ടായ വെള്ളപ്പൊക്കം വീടുകളെയും പാലങ്ങളെയും കന്നുകാലികളെയും ആയിരക്കണക്കിന് മനുഷ്യരെയും തുടച്ചു മാറ്റി. വനസംരക്ഷണത്തെ കുറിച്ച് അവബോധമുണ്ടായിരുന്ന ഭോട്ടിയ വർഗ്ഗക്കാർ അക്രമരാഹിത്യത്തിൽ ഊന്നിയ ചിപ്കോ പ്രസ്ഥാനവുമായി മുന്നോട്ട് നീങ്ങി. ചമോലി ജില്ലയിൽ നിന്നുള്ള നിരക്ഷരയായ ഗോത്രനേതാവ് ഗൗര ദേവി തന്റെ പ്രദേശത്തെ സ്ത്രീകളെ സംഘടിപ്പിച്ച് വനസംരക്ഷണത്തിനായി അണി നിരത്തി. സ്ത്രീകൾ സജീവമായി ഇടപെട്ട ഈ പരിസ്ഥിതിസംരക്ഷണപ്രസ്ഥാനം ഒരു എക്കോ - ഫെമിനിസ്റ്റ് പ്രസ്ഥാനമായി കാണപ്പെടുന്നു.

- അളകനന്ദ താഴ്‌വാരപ്രദേശങ്ങളിൽ, വൃക്ഷങ്ങളെ ആലിംഗനം ചെയ്യാനും നശീകരണത്തിൽ നിന്ന് രക്ഷിക്കാനും ജനങ്ങളോട് ആഹ്വാനം ചെയ്യുന്ന സാമൂഹിക പ്രവർത്തകനാണ് ചണ്ഡി പ്രസാദ് ഭട്ട്. മഹാത്മാഗാന്ധിയെപ്പോലെ അദ്ദേഹം അക്രമരാഹിത്യത്തിന്റെ മാർഗ്ഗത്തിൽ ആണ് പ്രവർത്തിക്കുന്നത്. വനസമ്പത്തിനെ ശല്യപ്പെടുത്താതെ പ്രാദേശികവ്യവസായങ്ങൾ വികസിപ്പിക്കാൻ അദ്ദേഹം ഗോത്രവർഗ്ഗക്കാരെ പ്രോത്സാഹിപ്പിക്കുന്നു.

- “പരിസ്ഥിതി എന്നത് സുസ്ഥിരസമ്പദ്‌വ്യവസ്ഥയാണ്” എന്നാണ് പരിസ്ഥിതി പ്രവർത്തകനും ചിപ്കോ പ്രസ്ഥാനത്തിന്റെ സമുന്നതനേതാവുമായ സുന്ദർലാൽ ബഹുഗുണ പറഞ്ഞിട്ടുള്ളത്.



- ഈ കഥയിലെ ഡിച്ചിയെപ്പോലെ ഒരു ചെറിയ ഭോട്ടിയ പെൺകുട്ടി മരംവെട്ടുകാരെ കാണുകയും ചിപ്കോ മുദ്രാവാക്യങ്ങളുമായി ഗ്രാമീണസ്ത്രീകളെ അറിയിക്കുകയും ചെയ്തു. വനത്തിലേക്ക് അണി നിരന്ന ആ സ്ത്രീകൾ യാതൊരു അക്രമവും ഇല്ലാതെ മരങ്ങൾ വെട്ടുന്നതിൽ നിന്നും അവരെ തടഞ്ഞു.

- ഈ വനങ്ങളെ സംരക്ഷിക്കാനായി 1980 ൽ ഭാരതസർക്കാർ ഒരു നിയമം പാസാക്കി. ഇന്ത്യയിലെ ആദ്യത്തെ പ്രധാന പാരിസ്ഥിതിക മുന്നേറ്റങ്ങളിൽ ഒന്നാണ് ചിപ്കൊ പ്രസ്ഥാനം.

PRATHAM BOOKS storyweaver

This book was made possible by Pratham Books' StoryWeaver platform. Content under Creative Commons licenses can be downloaded, translated and can even be used to create new stories - provided you give appropriate credit, and indicate if changes were made. To know more about this, and the full terms of use and attribution, please visit the following link.

## Story Attribution:

This story: തമ്മിൽ പുണരാം വേരുകളാഴ്ത്താം is translated by Sreenidhi KS . The © for this translation lies with Sreenidhi KS, 2021. Some rights reserved. Released under CC BY 4.0 license. Based on Original story: 'Chipko takes root', by Jeyanthi Manokaran . © Pratham Books , 2015. Some rights reserved. Released under CC BY 4.0 license.

## Images Attributions:

Cover page: Girl on crutches playing the dholak and dancing , by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 2: A girl hanging upside down from a tree with her friends, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 3: A girl crossing a river towards a boy standing in the river, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 4: A girl crossing a river in a village situated in the hills, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 5: Two people trapped in a whirlpool, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 6: A girl crying alone in the corner, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 7: A girl crying while thinking about two people who have drowned in the river, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 8: A girl crying with an angry old woman in the background with another woman, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 9: A girl standing on a tree branch with a firm grip, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 10: A girl crying due to her family and later standing on a tree branch, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license.

Disclaimer: https://www.storyweaver.org.in/terms_and_conditions

Some rights reserved. This book is CC-BY-4.0 licensed. You can copy, modify, distribute and perform the work, even for commercial purposes, all without asking permission. For full terms of use and attribution, http://creativecommons.org/licenses/by/4.0/

This book was made possible by Pratham Books' StoryWeaver platform. Content under Creative Commons licenses can be downloaded, translated and can even be used to create new stories - provided you give appropriate credit, and indicate if changes were made. To know more about this, and the full terms of use and attribution, please visit the following link.

## Images Attributions:

Page 11: People heading towards a village meeting, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 12: Girl playing a song on her drum and singing , by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 13: Girl on crutches playing and singing a song with her dholak, with other children dancing behind her, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 14: Men in uniforms wielding axes and marking trees to be cut, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 15: Passionate group of villagers singing and playing on drums, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 17: Girl hugging a tree branch and smiling, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 18: Girl hugging a tree branch with her village in the backdrop, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 19: Soldiers walking on the road with a bus coming behind them, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 20: Girl on top of a tree looking at soldiers walking on the road fearfully, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 21: A girl on crutches throwing herself on a woman, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 23: A woman's hands holding a dholak, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 25: A bunch of children scared of a man holding an axe and crying, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license.

Disclaimer: https://www.storyweaver.org.in/terms_and_conditions

Some rights reserved. This book is CC-BY-4.0 licensed. You can copy, modify, distribute and perform the work, even for commercial purposes, all without asking permission. For full terms of use and attribution, http://creativecommons.org/licenses/by/4.0/

PRATHAM BOOKS storyweaver

This book was made possible by Pratham Books' StoryWeaver platform. Content under Creative Commons licenses can be downloaded, translated and can even be used to create new stories - provided you give appropriate credit, and indicate if changes were made. To know more about this, and the full terms of use and attribution, please visit the following link.

Images Attributions:

Page 26: Backdrop of trees, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 27: Man playing a dholak passionately with children and women joining him , by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 28: Men throwing away their axes on the ground, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 29: Men throwing away their axes on the ground, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 30: Children hugging a tree protectively, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 31: Villagers hugging trees of the forest with uniformed men giving up their axes, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 32: Rural women dancing in a circle, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 33: Rural women dancing in a circle, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 34: Rural women dancing in a forest with joy, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 35: A stalk of leaves , by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 36: A stalk of leaves in the corner, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license. Page 38: Girl hugging a tree in a forest, by Jeyanthi Manokaran © Pratham Books, 2015. Some rights reserved. Released under CC BY 4.0 license.

Disclaimer: https://www.storyweaver.org.in/terms_and_conditions

Some rights reserved. This book is CC-BY-4.0 licensed. You can copy, modify, distribute and perform the work, even for commercial purposes, all without asking permission. For full terms of use and attribution, http://creativecommons.org/licenses/by/4.0/

# തമ്മിൽ പുണരാം വേരുകളാഴ്ത്താം
(Malayalam)

ഭോട്ടിയ ഗോത്രത്തിൽ പെട്ട ഡിച്ചി എന്ന ധീരയായ പെൺകുട്ടിയും മറ്റു ഗോത്രസ്ത്രീകളും കുട്ടികളും ചേർന്ന് ചിപ്‌കോ പ്രസ്ഥാനത്തിലൂടെ തങ്ങളുടെ വൃക്ഷങ്ങളെ സംരക്ഷിച്ച കഥ. വൃക്ഷങ്ങളെ കെട്ടിപ്പുണർന്നുകൊണ്ട് വനനശീകരണത്തിനെതിരെ പ്രതിഷേധിക്കുന്ന ചിപ്‌കോ പ്രസ്ഥാനം തികച്ചും അക്രമരാഹിത്യത്തിന്റെ വഴിയിൽ ആണ് മുന്നേറിയത്. ചണ്ഡീ പ്രസാദ് ഭട്ട്, സുന്ദർലാൽ ബഹുഗുണ തുടങ്ങിയവരിലൂടെ ചിപ്‌കോ പ്രസ്ഥാനം ലോകമെങ്ങും പ്രചാരം നേടി.

This is a Level 4 book for children who can read fluently and with confidence.

PRATHAM BOOKS
storyweaver

Pratham Books goes digital to weave a whole new chapter in the realm of multilingual children's stories. Knitting together children, authors, illustrators and publishers. Folding in teachers, and translators. To create a rich fabric of openly licensed multilingual stories for the children of India and the world. Our unique online platform, StoryWeaver, is a playground where children, parents, teachers and librarians can get creative. Come, start weaving today, and help us get a book in every child's hand!